HLM-0110

The Heavenly Light Ministry

( സേനയിൻ അധിപൻ ... എന്ന രീതി )

യേശുവിൻ ജനമേ ഭയമെന്തിനകമേ
ലേശവും കലങ്ങേണ്ട  നാമവൻ ദാസരായി വസിച്ചീടാം
ലോകത്തിലെന്തെല്ലാം ഭവിച്ചാലും ... ആ ... ആ ... ആ ...
ആപത്തനർത്ഥങ്ങളണഞ്ഞാലും
താപം നമുക്കില്ലെന്നറിഞ്ഞാലും ... യേശുവിൻ

സകലത്തിൻ ലാക്കും അധിപനുമവനാം
ഉലകത്തെ നിർമ്മിച്ചോനും  ആകാശ
വലയത്തെ രചിച്ചോനും
താണുവന്നുലകത്തിൽ കുരിശേറി ... ആ ... ആ ... ആ ...
മാനവർക്കായ് മരിച്ചുയിർത്തേകി
ദാനമായ് രക്ഷ നരർക്കായ് ... യേശുവിൻ

മരണത്താൽ മാറുന്നധിപരിൻ പിന്നെ
പോയവർ ലജ്ജിക്കുമ്പോൾ  നാമവർ
നാമത്തിൽ ജയ് വിളിക്കും
മരണത്തെ ജയിച്ചൊരു ജയവീരൻ... ആ... ആ... ആ...
ശരണമായ് തീർന്നതെന്തൊരു ഭാഗ്യം
അവനെയനുഗമിപ്പതു യോഗ്യം ... യേശുവിൻ

വേഗം ഞാനിനിയും വരുമെന്നു ചൊന്നു
ലോകം വെടിഞ്ഞ നേതാവേശുതാ
നാരുമില്ലിതുപോലെ
നിത്യത മുഴുവൻ നിലനിൽക്കും ... ആ ... ആ ... ആ ...
പ്രതിഫലം താൻതരും നിർണ്ണയമായ്
അതിനായ് താൻ വരു  മതിവേഗം ... യേശുവിൻ

പോരുകൾ സഹിച്ചും വൈരിയെ ജയിച്ചും
പാരിതിൽ തിരുനാമം  ഘോഷിപ്പാൻ
ചേരുവിനതിമോദം
ഭിന്നത വെടിയാമൊന്നാകാം ... ആ ... ആ ... ആ ...
ഉന്നതചിന്തയോടുണർന്നീടാം
മന്നവനെ നമുക്കെതിരേല്ക്കാം ... യേശുവിൻ